# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം:- ജീവനക്കാര്യം- ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലമാറ്റ ഉത്തരവിൽ മാറ്റം വരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ഉത്തരവ് നം. ഇ1. 160/2016/ഡി.സി തിരുവനന്തപുരം, തീയതി: 26.05.2016

---

പരാമർശം:- 25/05/2016-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ്

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാർക്ക് സ്ഥലംമാറ്റം നൽകികൊണ്ടുള്ള പരാമർശ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു. പകരം വകുപ്പിലെ താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടുമാർക്ക് ഭരണ സൗകര്യാർത്ഥം ചുവടെ കൊടുത്തിട്ടുള്ള പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.കെ.റ്റി.സഞ്ജീവിനെ തിരുവനന്തപുരം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലേക്കും തിരുവനന്തപുരം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.കെ.പി.സാവിത്രിയെ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കും, തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സൂപ്രണ്ടായ ശ്രീമതി.എസ്.പ്രഭയെ ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലേക്കും സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി.എസ് പ്രഭ, തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ആദ്യം പ്രവേശിക്കേണ്ടതാണ്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ഒപ്പ്/-
പി.ഹരിപ്രസാദ്
ഡ്രഗ്സ് കൺട്രോളർ

1) ശ്രീ.കെ.റ്റി.സഞ്ജീവ്, ജൂനിയർ സൂപ്രണ്ട്,
ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം
2) ശ്രീമതി.കെ.പി.സാവിത്രി, ജൂനിയർ സൂപ്രണ്ട്,
അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം
3) ശ്രീമതി.എസ്.പ്രഭ, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം.

പകർപ്പ്:-

(1) ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം.
(2) ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ I/II
(3) അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
(4) എസി1/എസി2/ഇ1/ഇ2/ഇ3/പി. സെക്ഷനുകൾ
(5) സ്റ്റോക്ക് ഫയൽ (6) ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്